
2023 ഡിസംബർ ലക്കം 46

# ഇതളുകൾ

eMagazine

MIS
Singapore Malayalees



# ഇതളുകൾ വിരിയുമ്പോൾ



**ഡോ. സത്യൻ പൂക്കുട്ടത്ത്**
**ചീഫ് എഡിറ്റർ**
**ഇതളുകൾ**



**കവർചിത്രം**
**ദീപ്തി ജയൻ**

**Design & Layout**

emerge INFOTECH
www.emergeinfotech.com

Please visit www.sgmalayalees.com
for your free online copies of Ithalukal

The articles of Ithalukal are the visions and expressions of authors only. We respect your valuable feedback and inviting genuine creations/ articles for the next edition. Kindly email to Ithalukal: editors@sgmalayalees.com

02 ഇതളുകൾ വിരിയുമ്പോൾ

03 അവൾ
മഞ്ചു മത്തായി (കവിത)

04 അമ്മ
നന്ദിനി രാജീവ് (കവിത)

05 പ്രണയവഴികൾ
കൃഷ്ണകുമാർ മാപ്രാണം (കവിത)

06 വേരുകൾ മാത്രം കേൾക്കുന്നത്
ഭാഷ മമ്മു (കവിത)

07 കാലമണം
സിന്ധു ഗാഥ (കവിത)

09 പാഠം ഒന്ന്
Spring (Poem) Malavika
Autumn (Poem) Parvathi

10 പറയാനായി കാത്തുവച്ചത്
ദേവി ശങ്കർ (കവിത)

11 ദാമ്പത്യപ്രണയത്തിൻ മധുരഗീതങ്ങൾ
ദിവ്യ എസ് മേനോൻ (ലേഖനം)

13 ചാവേറുകൾ
പ്രീദുരാജേഷ് (കവിത)

14 ഇടവഴിയാത്ര
വിഷ്ണു പകൽക്കുറി (കവിത)

15 പാചകം
Spicy Golden Chicken Delight - Subhija

കവിത





# അവൾ

മഞ്ചു മത്തായി

ഉപ്പുമാങ്ങാ ഭരണികളിലെന്ന പോലെയാണവൾ
തൻറെ കയ്പ്പുകളെ മഴയത്തിട്ട ചിരികളെ
ചീഞ്ഞു പോകാതെ മൂടി വക്കുന്നത്

ഇടയ്ക്കിടെ കയ്പ്പുകളെ രുചിച്ചും
നിരാസങ്ങളെ തൊട്ടും
പുതിയ പാചകക്കൂട്ടുകൾ കണ്ടുപിടിക്കും
രണ്ടു ടീ സ്പൂൺ പഞ്ചസാര ആവശ്യമില്ലെങ്കിലും ചേർക്കും
എരിപിടിപ്പിക്കേണ്ട രസമുകുളങ്ങളെ
മധുരമെന്ന് പേരിട്ട് വിളിക്കും

എങ്ങനെയൊക്കെ ഒഴുകിയിട്ടും
വറ്റാത്തൊരു ഉപ്പ് കയ്ക്കുന്ന
പുഴയുടെ ഒരേയൊരവകാശിയാകും

ചില നേരം കെമിസ്ട്രി ലാബിലെ
മൂക്കിൻത്തുമ്പത്ത് കോപമുള്ള ആശടീച്ചറാവും..

ഒരു കാരണവുമില്ലാതെ വെള്ളത്തിൽ നിന്ന്
ഹൈഡ്രജനെയും ഓക്സിജനെയും
വേർതിരിച്ചെടുക്കുമ്പോലെ
കണ്ണീരിൽ നിന്ന് ചിരികളെ ചികഞ്ഞുമാറ്റി വയ്ക്കും
ഒരു പട്ടുതൂവാലയിൽ പൊതിഞ്ഞവയെ ഭദ്രമാക്കും

ഓരോ ദിവസവും ഓരോ ചിരികളെ
സുഗന്ധം പുരട്ടി ചുണ്ടിലൊട്ടിക്കും

ജീവിതത്തിൻറെ രസതന്ത്രത്തെ
സ്നേഹിക്കേണ്ടതെങ്ങനെയെന്ന്
അവളോട് ചോദിച്ചു നോക്കൂ?

ഒട്ടും മടുപ്പില്ലാതെ അവളൊരു ...
മികച്ച പ്രാസംഗികയാവും

കാരണം കയ്പും കനപ്പും ചിരിയും മധുരവുമില്ലെങ്കിൽ
തുരുമ്പിച്ചുപോകുന്നൊരു ഒഴിഞ്ഞ പാട്ടയാണ്,
ജീവിതമെന്ന് അവളോളം ആർക്കുമറിയില്ല....

കവിത



# അമ്മ

ഏതു ലോകത്തിന്റെ മാസ്മര കോണിലും
ഏറ്റവും ദീപ്തമാണമ്മതൻ പുഞ്ചിരി
ഏണിപ്പടിച്ചുവടെത്ര കടന്നാലും
എന്നമ്മ തൻ മുന്നിലെ കുഞ്ഞു കിടാവു ഞാൻ...

അറിവിന്റെയാദ്യാക്ഷരം കുറിച്ചെന്നുമീ
അനന്തമാം ലോകത്തിൻ ദീപം  തെളിക്കുന്നു..
തെറ്റും ശരിയും പകുക്കാൻ പഠിപ്പിച്ചു
ജ്ഞാനതേജസ്വിൻ സ്രോതസായ് നിന്നമ്മ,
ഉൾക്കട മോഹങ്ങൾ നേർവഴിക്കാക്കിയി
ട്ടുത്തമ വീഥിയിൽ കൊണ്ടു പോയീടുന്നു.
ആത്മാവിൻ നോവുകളാറ്റിത്തണുപ്പിച്ചു
ആനന്ദമേകും തണലായി നിന്നമ്മ...

ഓണനിലാവിന്റെ ഊഷ്മള സന്ധ്യയിൽ
ഓടിക്കളിക്കുന്നൊരോമനയുണ്ണിയായ്
അമ്മതൻ ചാരത്തു ചേർന്നിരിക്കും നേരം
അറിയാതെന്നുള്ളിലൊരു പാട്ടൂയലാടുന്നു ....
അമ്മ തൻ മിഴികളിൽ സ്നേഹം തുളുമ്പവേ
നെഞ്ചോടു ചേർത്തൊരു ചൊന്നുമ്മ നൽകി ഞാൻ....



നന്ദിനി രാജീവ്



# പ്രണയ വഴികൾ

ഓർമ്മകൾ പൂക്കും
ഇടവഴിയിലൊരു
ചെമ്പകം പൂത്തു നിൽക്കുന്നു
നിന്റെ മുടിയിഴകളെ
ചുംബിക്കാൻ

മഴപെയ്തു കുതിർന്ന
ചെമ്മൺവഴിയിലൊരു
ചേമ്പില കുടയായി വിടരുന്നു
നിന്റെ ഈറൻ ദേഹത്തെ
പൊതിയാൻ

നനഞ്ഞ പാടവരമ്പത്ത്
നെൽകതിർ
ഒളിഞ്ഞു നോക്കുന്നു
നിന്റെ പാദങ്ങളുടെ
ഭംഗിനുകരാൻ

തോട്ടിറമ്പിലെ
കൈതകൾ
വാസനപ്പൂ കുടഞ്ഞെറിയുന്നു
നിന്റെ മേനിയിലൊട്ടി
നിൽക്കാൻ

തൊടിയിലെ തൊട്ടാവാടികൾ
തലതാഴ്ത്തുന്നു
നിന്റെ കുങ്കുമ കവിൾത്തടങ്ങളിൽ
നഖമുനയാൽ
ചിത്രം വരയ്ക്കുമ്പോൾ



കൃഷ്ണകുമാർ മാപ്രാണം

കവിത




# വേരുകൾ മാത്രം കേൾക്കുന്നത്



ഭാഷ മമ്മു

ഇന്നീ നിരാശഭരിതമായ
രാത്രിയിലെ ആത്മഹത്യാ പ്രണയം
ഞാൻ തടഞ്ഞ് നിർത്തിയത്
വർഷങ്ങൾക്ക് ശേഷം ഞാനുമായി
പ്രണയത്തിലാകാൻ പോകുന്നൊരാളെ
കുറിച്ചോർത്തായിരുന്നു
മഴ തിമിർത്ത് പെയ്യുന്ന ഇളം മഞ്ഞ
നിറമുള്ളൊരു വൈകുന്നേരം
ഗ്രാമത്തിന്റെ നീല ഞരമ്പുകളിലൂടെ
ഓടിക്കൊണ്ടിരിക്കുന്ന ബസ്സിൽ വെച്ച്
ആകസ്മികമായായിരിക്കും
അവനെന്നെ കാണുക
എന്നെപോലെ തന്നെ അവനും
പല തവണ നീട്ടി വെച്ച ജീവിതത്തിന്റെ
വിഷാദം പേറുന്ന
കണ്ണുകളുണ്ടായിരിക്കും
ഇന്നീ തണുത്ത് മരവിച്ച രാത്രിയിൽ
നിലാവ് പൂക്കുന്ന ചില്ലകൾക്കിടയിൽ
തനിച്ചിരുന്ന് പാടുന്ന പക്ഷി
മരണത്തെ ഓർമ്മിപ്പിക്കുന്നു
ഞാൻ ജാലകങ്ങൾ അടച്ച് വെക്കുന്നു
ബസ്സിറങ്ങുന്നതിന് മുമ്പ്
അവനെന്നെ പരിചയപ്പെടേണ്ടതുണ്ട്
ബസ്സിറങ്ങുമ്പോഴും
തുളുമ്പിയാർക്കുന്ന മഴയുടെ
സംഗീതത്തിനൊപ്പം
ഗിറ്റാറിന്റെ രണ്ട് തുള്ളികളായി
ചില്ലു റസ്റ്റോറന്റിന്റെ അകത്തേക്ക്
ഒരു കുടക്കീഴിൽ ഞങ്ങൾക്ക്
പോവേണ്ടതുണ്ട് വർഷങ്ങൾക്ക് ശേഷം മാത്രം
പരിചയപ്പെടാൻ പോകുന്ന
അജ്ഞാത കാമുകാ
ഈ രാത്രിയിലും നീയെന്റെ വേരുകൾക്ക്
സംഗീതമാവുന്നു

കവിത



സിന്ധു ഗാഥ



# കാലമണ്ണം

അനിർവചനീയമായ നോവിൻ ചതുപ്പിൽ
ആണ്ടുപോയ മനസ്സിനെ
പോത്തിൻ പുറത്തിരിക്കുന്ന കാലരൂപത്താൽ
കെട്ടിപ്പൊക്കാൻ ശ്രമിക്കാറുണ്ട്

ഓർമയുടെ ഒറ്റമരത്തണലിൽ
വേവുന്ന പക്ഷിയുടെ വാവട്ടത്തിൽ
നിന്നും തെറിച്ചു വീഴുന്ന തീത്തുണ്ടുകളാൽ
മുറിവേറ്റ് പൊള്ളിയൊലിക്കുന്ന ഹൃദയത്തെ
സമാധാനിപ്പിക്കാൻ ശ്രമിക്കാറുണ്ട്.

പാതിവെന്ത പൂച്ചക്കുട്ടി...
പ്രാക്കുകളോടെ കാലുറയ്ക്കാതെ
കാലം നടന്നു പോകുന്നു...

ഒറ്റച്ചിറകുള്ള വെള്ളക്കുതിരയും
ഒറ്റക്കാലുള്ള കറുത്തക്കുതിരയും
ഒന്നിക്കുന്ന സായന്തനത്തിൽ
ഒലിച്ചിറങ്ങുന്ന ചോരപ്പുഴ....


ഉപ്പുകാറ്റേറ്റു നരച്ച തിമിംഗലത്തിന്റെ
നീലനിണമണിഞ്ഞ കടൽ

ഉമ്മറക്കോലായിൽ കൂനിക്കൂടി
ചടഞ്ഞിരിക്കുന്ന മരണത്തെത്തിരക്കി
വന്ന കശാപ്പുകാരന്റെ കൈയിലെ
മൂർച്ചയേറിയ വെട്ടുകത്തി.....

വയലറ്റുപൂക്കൾക്കും
അതു പാടിയെത്തിയ കാറ്റിനും
ആരാച്ചാരുടെ മണമായിരുന്നു

ആരോ എന്റെ കാൽപ്പാദത്തിലെ
വിതാനം താഴ്ത്തുന്നു.
കറുത്ത ശിരോവസ്ത്രം
കാഴ്ച്ചയെ മൂടുന്നു.....


SINCE 1958
HOUSE BRAND
ENHANCING FOOD EXPERIENCE
SINCE 1958
HOUSE BRAND
BATTER MIX AVAILABLE
IN 1KG & 5KG PACK
NET WT: 1KG
250g FREE
CRISPY
DOSA&VADA
SOFT
IDLY
Idly Dosa Batter
Ready to use wet batter mix
இட்லி தோசை மாவு
Net Wt.: 5KG
Net Wt.: 1.25KG
Vada Batter
Ragi Dosa Batter
K.N.P Trading Private Limited
in association with
Suriya Trading Enterprises (S) Pte. Ltd
50 Senoko Drive, Singapore 758232
Tel: 62573712 | www.knp-housebrand.com
READY TO COOK \ IDLI - DOSA BATTER \ SPICES \ RICE \ FLOURS \ DHALS AND BEANS \ INSTANT MIXES \ GROUND SPICES \ DRY FRUITS



Malavika 8th Std

# SPRING

Spring is the season of flowers
Lots of flowers are blooming around my home
Red, white and pink flowers are my favourite
It's fragrance gives me joy
Spring is the season of growth
Bees and flies are buzzing around my garden,
Sucking nectar from the flowers.
Birds are chirping with joy and happiness.
The sun shines and the fragrant wind blows.
Spring is the most beautiful season of the year

# AUTUMN

The budding petals so delicate,
The arrival of spring they indicate.
So happy, so joyful, Yet autumn stays mournful.
The brown leaves fall miserably,
Not one of them gleefully
As winter starts to take hold,
Springtime glistens like gold.
As the sun shines endlessly,
The gardens dancing joyously
The countess blossoms sway blissfully,
while the winds of autumn whirl mightily.
The leaves red, yellow and brown,
Begins to slowly descend down.
The skies dark and murky,
Filled with light, springs stays quirky.



Parvathi 8th Std

കവിത



ദേവി ശങ്കർ

# പറയാനായി കാത്തുവച്ചത്

ആകാശനീലിമയിൽ
പുതുവർണ്ണങ്ങൾ വാരിയെറിഞ്ഞു
നീയെനിക്കു തണലേകുമ്പോൾ
ചിതറിത്തെറിച്ചതീ അക്ഷരശാസ്ത്രം.

വിടരാനായി
സൂര്യദേവനെ പ്രണയിച്ച
സരോരുഹമായി
നിന്നെ പ്രതിഷ്ഠിച്ച തപസ്സ്.

കണ്ടപ്പോളതിമധുരമതിമൃദുലമതിവേഗേന
പരന്നൊഴുകിയ
നിൻവാണികൾ
ചിരിച്ചെപ്പു തുറന്നെന്നോർമ്മകളിൽ
നനയുന്നു.

രുചിക്കാത്തയമൃതിന്റെ നനവുപോൽ ചെഞ്ചുണ്ടിൽ
പുഞ്ചിരിത്തുണ്ടുകൾ
പകർത്തവേ,
അസ്തമയസന്ധ്യകളിൽ
പറയാൻ കാത്തുവച്ച
അക്ഷരവിന്യാസങ്ങൾ
പ്രകൃതിതൻ നിറച്ചാർത്തുകളായി.
കറയറ്റ രഹസ്യങ്ങൾ
കാറ്റിൻമർമ്മരത്തിൽ
നേർത്തുപോയി.

ആവാരപ്പൂക്കളെ തല്പത്തിലുറക്കി
ഞാനെൻകാഴ്ചകളെ
നിന്നിലേക്കണയ്ക്കവേ,
വാറ്റിയെടുത്തു
നീയെന്നക്ഷരപ്പൂക്കളെ;
നിശാശലഭങ്ങളായി തത്തിക്കളിച്ച
നിൻമൊഴിമാറ്റങ്ങളിൽ
പറയാൻമറന്നൊരീണം.

ദീപ്തപ്രവാഹമായി നിന്നിലെയിളം
കാറ്റെന്നെത്തഴുകവേ,
കൊട്ടിയടച്ചോരക്ഷരസ്രോതസ്സിൻ
കാവ്യാത്മകതയെങ്ങോയൊളിക്കുന്നു.
മറവിയിലെവിടെയോ
മരവിപ്പിൻഭ്രമമെന്നെ
പുണരുംമുമ്പേ,
നീ തുറന്നിട്ട ജാലകങ്ങളിലെന്റെ
നിലാകുസുമങ്ങൾ സൗരഭ്യം
പരത്തുന്നു.

ഓർത്തെടുക്കാനാകാത്ത
വാക്കിന്റെ പൊയ്കകൾ
മലർമാസമെന്നപോൽ കൊഴിയുന്നു.

പറയാൻ മറന്നൊരാ
വാക്കിന്റെ തേനലകൾ
ജന്മാന്തരസുകൃതസ്മരണകൾ പോൽ
നിർമ്മലം.
നിനക്കായി ഞാനതു ചികഞ്ഞുവയ്ക്കാം
നീയെനിക്കായി കാതോർക്കുമെങ്കിൽ!



# ദാമ്പത്യ പ്രണയത്തിൻ മധുരഗീതങ്ങൾ



ദിവ്യ എസ് മേനോൻ

അനശ്വരപ്രണയഗാനങ്ങൾ ഏറെയുണ്ടെങ്കിലും ദാമ്പത്യപ്രണയത്തെ അതിന്റെ എല്ലാ മനോഹാരിതയോടുംകൂടി ഹൃദയങ്ങളിൽ എഴുതിച്ചേർത്ത പ്രണയഗാനങ്ങൾ പലപ്പോഴും വേറിട്ടുനിൽക്കുന്നതായി തോന്നിയിട്ടുണ്ട്. ഈ പ്രണയകാലത്ത് അത്തരം ചില പാട്ടുകളിലൂടെ ഒരു ചെറിയ യാത്ര പോയാലോ?

ദാമ്പത്യപ്രണയത്തെ ഓർക്കുമ്പോൾ ഏറ്റവും ആദ്യം മനസ്സിലെത്തുന്ന പാട്ടാണ് ഓ എൻ വി എഴുതി, ദേവരാജൻ മാസ്റ്റർ ഈണം പകർന്നു, ഭാവഗായകൻ പി ജയചന്ദ്രൻ ആലപിച്ച,

'ഒന്നിനി ശ്രുതി താഴ്ത്തി പാടുക പൂങ്കുയിലേ

എന്നോമലുറക്കമായ് ഉണർത്തരുതേ''

എന്ന പാട്ട്. ദൂരദർശനിലൂടെ നമുക്ക് മുന്നിലെത്തിയ ഈ പാട്ട് പിന്നീട് ലളിതഗാനവേദികളിലൂടെ ആസ്വാദകഹൃദയങ്ങൾ കീഴടക്കുകയായിരുന്നു. എത്രയോ ദൂരമെന്നോടൊപ്പം നടന്ന പദ പത്മങ്ങൾ തരളമായ് ഇളവേൽക്കുമ്പോൾ, എന്റെ ഹൃദയമിടിപ്പിനാൽ പോലും അവളുടെ നിദ്രക്ക് ഭംഗം

വരുത്തല്ലേ എന്ന് ചിന്തിക്കുന്നതിൽ നിറഞ്ഞുനിൽക്കുന്ന പ്രണയവാത്സല്യങ്ങൾ ഏത് കല്ലിനെപ്പോലും അലിയിക്കാൻ കഴിവുള്ളതല്ലേ?

'സ്വപ്നങ്ങളൊക്കെയും പങ്കുവെയ്ക്കാം...

ദുഖഭാരങ്ങളും പങ്കുവെയ്ക്കാം .' ഇതിലും മനോഹരമായെങ്ങനെയാണ് ഒരു ജീവിതയാത്രയെ പകുത്തുനൽകുന്നത്? ഭാസ്കരൻ മാഷ് രചിച്ച് വിദ്യാധരൻ മാസ്റ്റർ സംഗീതം നൽകി യേശുദാസ് ആലപിച്ച ഈ പാട്ട് റിലീസ് ആയില്ലെങ്കിലും അതിലെ ഓരോ വരിയും ഒരു ദാമ്പത്യകഥയിലെ അധ്യായങ്ങൾ പോലെ വായിച്ചെടുക്കാം.

'കർമ്മപ്രപഞ്ചത്തിൻ ജീവിതയാത്രയിൽ

നമ്മളേ നമ്മൾക്കായ് പങ്കുവെയ്ക്കാം..."

അതല്ലേ യഥാർത്ഥത്തിൽ ദാമ്പത്യം?

'രാത്തിങ്കൾ പൂത്താലി ചാർത്തി

കണ്ണിൽ നക്ഷത്ര നിറദീപം നീട്ടി...' മനസ്സ് കൊതിച്ചൊരു ദാമ്പത്യത്തെ സ്വന്തമാക്കുമ്പോഴുള്ള വികാരവിചാരങ്ങളാണ് ഈ പാട്ട് നിറയെ. ഗിരീഷ് പുത്തഞ്ചേരി, ജോൺസൺ മാസ്റ്റർ, യേശുദാസ് ഇവരൊരുമിക്കുമ്പോൾ പ്രണയകാലം രാത്തിങ്കൾ ശോഭയോടെ പെയ്തുനിറയുന്നു.

"പാഴിരുൾ വീഴുമീ നാലുകെട്ടിൽ നിന്റെ

പാദങ്ങൾ തൊട്ടപ്പോൾ പൗർണ്ണമിയായ്..."

ദാമ്പത്യമെന്നാൽ രണ്ടു കുടുംബങ്ങളുടെ പ്രതീക്ഷകൾ കൂടിയാണെന്ന് പറഞ്ഞുവയ്ക്കുന്ന വരികൾ!

വിവാഹജീവിതത്തിന്റെ സംഗീതം മുഴുവൻ ഒപ്പിയെടുത്തൊരു പാട്ടാണ് യൂസഫലി കേച്ചേരി എഴുതിയ

'ശ്രുതിയമ്മ ലയമച്ഛൻ

മകളുടെ പേരോ സംഗീതം...'

ഇഴചേർന്നു കിടക്കുന്ന കുടുംബബന്ധങ്ങൾ സംഗീതം പോലെ മധുരമനോഹരമാണ്. 'സ്വർഗ്ഗമിതെല്ലാം പോയാലും കൂട്ടിനൊരീണം ചാരെവരും'...

അതല്ലേ യഥാർത്ഥ ജീവിതവും പ്രണയവും?

'ചുംബനപ്പൂ കൊണ്ടു മൂടി.. എന്റെ

തമ്പുരാട്ടീ നിന്നെ ഉറക്കാം..."

വളരെ ലളിതമെന്ന് തോന്നിയേക്കാവുന്ന ശ്രീകുമാരൻ തമ്പിയുടെ ഈ വരികളിൽ ഒളിഞ്ഞിരിക്കുന്ന അർത്ഥങ്ങൾക്ക് ജീവനോളം ആഴമുണ്ട്.

'കത്തിയെരിയുമീ ഗ്രീഷ്മത്തിനക്കരെ

പൂക്കാലമുണ്ടായിരിക്കാം...

മങ്ങിയ നിൻ മനം വീണ്ടും തെളിഞ്ഞതിൽ

പൂർണ്ണബിംബം പതിഞ്ഞേക്കാം..

അന്നോളം നീയെന്റെ മകളായിരിക്കും..

അല്ലലറിയാത്ത കുഞ്ഞായിരിക്കും"

ഈ വരികൾ പറയുന്നുണ്ട്... ദാമ്പത്യമെന്നാൽ ഒരു ഉറപ്പ് കൂടിയാണെന്ന്...നീ മറന്നാലും ഞാൻ നിന്നെയൊരിക്കലും മറക്കില്ലെന്നുള്ള ഉറപ്പ്!





# ചാവേറുകൾ

ഭൂമിയുടെ നെഞ്ചിലേക്ക് മുള്ളു
വേലികൾ തറച്ച്
തുണ്ടം തുണ്ടമാക്കി.
ഞാനീ ദേശക്കാരനെന്നും
നീയാ ദേശക്കാരനെന്നും
ഘോരഘോരം പ്രസംഗിച്ചു.

മുള്ളുവേലികൾക്കപ്പുറവും ഇപ്പുറവും
നിന്നിപ്പോൾ വെടിയൊച്ചകൾ കേൾക്കാം.
മനുഷ്യ ബോംബുകൾ പൊട്ടിത്തെറിക്കുന്നത് കാണാം.
യുദ്ധം, ആക്രമണം, സ്വാതന്ത്ര്യം.
വിഷച്ചുവയുടെ മുറവിളികൾ.
പിഞ്ചുകുഞ്ഞുങ്ങളുടെ നിലവിളികൾ.
ഭോഗിക്കപ്പെട്ട സ്ത്രീകളുടെ ഞരക്കങ്ങൾ.
ചോരപ്പാടേറ്റ മുറിവുകളുമായ്
പിന്നെയും ശബ്ദങ്ങളുയരുന്നു.

സ്വാതന്ത്ര്യം കൊതിച്ചവന്റെ നിലവിളികൾ
യുദ്ധഭൂമിയിൽ ആർത്തിരമ്പി.
മലക്കം മറിഞ്ഞ് തിരമാലകൾ പോലതാഞ്ഞടിച്ചു.

ഒറ്റക്കയ്യനും രണ്ടു കാലറ്റവനും കണ്ണു തുളഞ്ഞവനും
ഒറ്റച്ചെവിയന്മാരുമായ് കുറച്ചു മനുഷ്യർ.
ചോരക്കൊതിയന്മാരായ് കൊലപാതകികളായ്
വേറെയും മനുഷ്യർ ചീഞ്ഞളിഞ്ഞ ജഡങ്ങൾ
ചുറ്റിനും കുന്നുകൂടുന്നു.

പ്രാണൻ വെടിയാതെ വേച്ചു കിടന്നവന്റെ തുടിപ്പിൽ
അപ്പോഴും മുഴങ്ങി നിന്ന ഒറ്റവാക്ക് സ്വാതന്ത്ര്യം.

എവിടെയാണ് സ്വാതന്ത്ര്യം? എന്തിനാണ് സ്വാതന്ത്ര്യം?
മനുഷ്യനായ് ജീവിക്കാനോ?
അതിരുകൾ തീർത്ത മുള്ളുവേലി ഉറക്കത്തിൽ നിന്നുണർന്നു.
ഉത്തരം പറയും മുൻപേ സ്വാതന്ത്ര്യം കൊതിച്ചവന്റെ കണ്ണുകളടഞ്ഞു പോയി.

ഇന്നവന്റെ ജീവിതമൊരു ചരിത്രപുസ്തകത്തിലും രേഖപ്പെടുത്തിയിട്ടില്ല.
ജീവിച്ചിരുന്നതിനും മരണപ്പെട്ടതിനും അടയാളങ്ങളില്ല.
സ്വാതന്ത്ര്യത്തിനായ് ചോരയൊഴുക്കി യുദ്ധ ഭൂമിയിൽ മരിച്ചു വീണവർ.
ചാവേറുകളുടെ എണ്ണം പെരുകുന്നു.
രക്തപ്പുഴകളാൽ മണ്ണ് കുളിർക്കുന്നു.



പ്രീദുരാജേഷ്



# ഇടവഴിയാത്ര

ആഴ്ചപ്പെരുന്നാളിന്
ഉമ്മറപ്പടിയിൽ
നിന്നെയും കാത്തിരുന്ന്
മിഴിക്കാടിനുള്ളിൽ
ഇരുൾപ്പടർന്ന്
നിഴലിക്കുമ്പോൾ
മോന്തായത്തിലിരുന്ന കരിമ്പൂച്ച
വിരുന്നൂട്ടിന്
നേരമായെന്ന് നീട്ടിക്കരഞ്ഞ്
ചാടിപ്പോയി.

വേലിക്കൊന്നയ്ക്കപ്പുറത്തെ
കാൽപ്പതനങ്ങൾ
അടുത്തടുത്ത്
ഉമ്മറക്കോലായിലെ
ചാരുപടിയിൽ മൂടിരുത്തി
യാത്രാവിവരണത്തിന്റ
കെട്ടഴിച്ച്
അകത്തളവാതിൽകടന്ന്
ഇലയിട്ടിരുന്നു
പിന്നെയും തുടർന്നു

ജാതിക്കോമരങ്ങളുടെ
സമരപ്പുരയ്ക്ക്
തീപിടിച്ച്
ആളിക്കത്തുന്നിടവഴികൾ
കടന്ന്
വിരുന്നൂട്ടിനെത്തിയത്ര
സാഹസിക യാത്രയുടെ
ചൂടും ചൂരും
നീട്ടി വിളമ്പിയ ചൂടിൽ
ഇടവഴികൾ സുലഭമീ നാട്ടിൽ



വിഷ്ണു പകൽക്കുറി

അടുക്കള



# SPICY GOLDEN CHICKEN Delight



Subija

## Preparation

1. Fry Onions:
In a pan, heat coconut oil. Add thinly sliced onions and fry until they become golden brown. Remove the fried onions from the pan and set them aside.
2. Marinate Chicken:
In a large bowl, combine chicken pieces with the fried onions, chopped ginger, chopped garlic, cashew nut paste, fennel seeds, green chillies, chilli powder, turmeric powder, Kashmiri chilli powder, pepper powder, coriander powder, garam masala, and salt.
Mix everything well using your hands.
3. Cooking:
Transfer the marinated chicken to a cooking pot. Add a big tomato to the pot.
Mix everything well and cook on medium flame for about 20 minutes. Stir occasionally to ensure even cooking. Add water if necessary.
4. Check for Doneness:
Check if the chicken is cooked through and tender. Adjust salt and spice levels according to taste.
5. Garnish:
Once the chicken curry is cooked, garnish it with curry leaves or coriander leaves for added flavor.
6.Serve:
Your delicious coconut oil chicken curry is now ready to be served! Enjoy it with rice, naan, or your favorite bread.

## Ingredients

1 Kg Chicken
5-6 Cashew nuts (grinded as a paste)
1 Tablespoon chopped Ginger
1 Tablespoon chopped Garlic
2 Tablespoon Fennel seeds
3 Green Chillies
3 Teaspoons Chili Powder
2 Teaspoons Turmeric Powder
2 Teaspoons Kashmiri Chili Powder
1 Teaspoon Pepper Powder
3 Teaspoons Coriander Powder
1 Teaspoon Garam Masala
3 Onions (thinly sliced)
1 Big Tomato
Salt to taste
Cooking Oil (preferably Coconut Oil)
Coriander leaves and Curry Leaves for garnish

# THANKS

MIS
Singapore Malayalees

The place where Malayalees in Singapore Stay Connected

www.sgmalayalees.com